**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5228** **04-07-2024 - ൽ മറുപടിയ്ക്ക്**

**പോക്കുവരവിനായി വില്ലേജ് ഓഫീസുകളിൽ നിന്നും നൽകിയ അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പോക്കുവരവ് ചെയ്യാൻ കാലതാമസം നേരിട്ട അപേക്ഷകൾ വില്ലേജാഫീസിൽ സമർപ്പിക്കുമ്പോൾ റീ സർവേക്കായി താലൂക്ക് ഓഫീസുകളിൽ അയക്കുകയും ഇവ സമയത്ത് സർവേ പൂർത്തിയാക്കാതെ വർഷങ്ങളുടെ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം അപേക്ഷകൾ താലൂക്ക് സർവേ ഓഫീസുകളിൽ സമയബന്ധിതമായി തീർപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | ആധാരം രജിസ്റ്റർ ചെയ്ത് കഴിഞ്ഞ് വർഷങ്ങൾക്ക് ശേഷം റീസർവെയ്ക്ക് ശേഷമാണ് ആധാരം പോക്കുവരവിനായി സമർപ്പിക്കുന്നതെങ്കിൽ താലൂക്ക് സർവെയർ മുഖേനയുള്ള പരിശോധനയ്ക്ക് ശേഷം മാത്രമേ പോക്കുവരവ് ചെയ്യാനാകൂ. റീസർവെയ്ക്കായി താലൂക്കാഫിസുകളിൽ ലഭിക്കുന്ന ഇത്തരം പോക്കുവരവ് അപേക്ഷകളിൽ തർക്കരഹിതമായവ കാലതാമസം കൂടാതെ എൽ.ആർ.എം-ൽ ഉൾപ്പെടുത്തി സമയബന്ധിതമായി മുൻഗണനാക്രമത്തിൽ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ എൽ.ആർ.എം പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനായി സർവെയർമാരെ താലൂക്കുകളിൽ നിയോഗിച്ചിട്ടുള്ളതും പ്രസ്തുത സർവെയർമാരുടെ സർവെ ജോലികൾ വിശകലനം ചെയ്ത് കൃത്യമായ പുരോഗതി ആർജ്ജിക്കുന്നത് ഉറപ്പ് വരുത്തുന്നതിനായി ഹെഡ് സർവെയർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. കൂടാതെ ജില്ലയിലെ എൽ.ആർ.എം ജോലികൾ എല്ലാ ആഴ്ചകളിലും സർവെ ഡയറക്ടറുടെ നേതൃത്വത്തിൽ അവലോകനം നടത്തുകയും ചെയ്യുന്നുമുണ്ട് . |
| (ബി) | റീ സർവേക്കായി വഞ്ചിയൂർ വില്ലേജിൽ നിന്നും നൽകിയ എത്ര അപേക്ഷകൾ തിരുവനന്തപുരം താലൂക്ക് സർവേ ഓഫീസിൽ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്നുവെന്ന് വിശദമാക്കാമോ; പ്രസ്തുത അപേക്ഷകൾ കാലതാമസം കൂടാതെ റീ സർവേ പൂർത്തീകരിച്ച് വഞ്ചിയൂർ വില്ലേജിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | വഞ്ചിയൂർ വില്ലേജിൽ നിലവിൽ 578 അപേക്ഷകൾ തീർപ്പാക്കാനായിട്ടുണ്ട്. പ്രസ്തുത അപേക്ഷകളിൽ തർക്കരഹിതമായവ കാലതാമസം കൂടാതെ മുൻഗണനാക്രമത്തിൽ തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ